**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 689** **28-01-2026 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2016 മുതൽ നാളിതു വരെ എത്ര വൈദ്യുതി കണക്ഷനുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 2016-17 കാലയളവിൽ നടപ്പിലാക്കിയ സമ്പൂർണ വൈദ്യുതീകരണപദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.<br><br>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു.<br><br>കെ.എസ്.ഇ.ബി.എൽ-ന്റെ BPL പദ്ധതിയിൽ ഉൾപ്പെടുത്തി 2018 മുതൽ ഡിസംബർ 2025 വരെ ആകെ 1,33,214 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | വൈദ്യുതി കണക്ഷൻ അതിവേഗം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) | വൈദ്യുതി കണക്ഷൻ അതിവേഗം നല്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്തു തന്നെ വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും സാധാരണ ഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം എന്നിവ തെളിയിക്കാ നുള്ള രേഖകൾ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മിഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാ ക്കുകയും ചെയ്തിട്ടുണ്ട്.<br><br>മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് |

| | | | |
|---|---|---|---|
| | | | 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസ ഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണമുള്ള വ്യക്തിഗത വാസ ഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നല്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്.<br><br>02.11.2018-ലെ ബോർഡ് ഉത്തരവു പ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ലൈബ്രറി കൾ, കലാ സാസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻ വാടികൾ, ഹോർട്ടി കോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും ചെയ്തു. കൂടാതെ തറവാട്ടു വീട്ടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം കണക്ഷൻ നല്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്.<br><br>ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട്. 04.05.2021 ലെ ബോർഡ് ഉത്തരവ് പ്രകാരം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Electricity (Rights of Consumers) Rules, 2020-ലെ റെഗുലേഷൻ 4-(9) പ്രകാരം, ലോടെൻഷൻ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താ ക്കൾക്കും, പുതിയ കണക്ഷനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിലാസത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖയായി കണക്കാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉടമസ്ഥാ വകാശ മാറ്റത്തിനായി അപ്പാർട്ട്മെന്റുക ൾക്കും, ഡെവലപ്പറോ, ബിൽഡറോ നിർമ്മിച്ച വീട്ടുകൾക്കും വില്പന ഡീഡിന്റെ (sale deed) പകർപ്പ് ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ